# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1262** — **10-08-2023 - ൽ മറുപടിയ്ക്ക്**

## ചലച്ചിത്ര നയ രൂപീകരണ സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചലച്ചിത്ര പ്രവർത്തകരുമായും ചലച്ചിത്ര രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായും ആലോചിക്കാതെയാണ് ചലച്ചിത്ര നയ രൂപീകരണ സമിതി രൂപീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സിനിമാ മേഖലയിലെ എല്ലാ വിഭാഗം ആൾക്കാരുടേയും അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നതിനായി അവരുടെ പ്രതിനിധികളെയും വിദഗ്ധരേയും ഉൾപ്പെടുത്തി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഒരു യോഗം (സിനിമാ കോൺക്ലേവ്) ചേരുന്നതിന് ആലോചിച്ചിട്ടുണ്ട്. ഈ യോഗത്തിലാണ് സിനിമാ നയത്തിന്റെ കരട് അന്തിമമാക്കുക. പ്രസ്തുത കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികളോടെ നയമായി സർക്കാർ അംഗീകരിക്കുന്നതാണ്. പ്രസ്തുത ദ്വിദിന യോഗത്തിൽ അവതരിപ്പിനുന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ശ്രീ. ഷാജി.എൻ.കരുൺ അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൺവീനറും പ്രശസ്ത സംവിധായകരും ഛായാഗ്രാഹകരും അഭിനേതാക്കളും നിർമ്മാതാക്കളുമുൾപ്പെടെ സിനിമാ മേഖലയിലെ വിവിധ തുറകളിൽ പരിചയ സമ്പന്നരായവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സമിതിയിൽ സിനിമയെക്കുറിച്ച് അറിയുന്നവരായി ആരും തന്നെയില്ല എന്ന ചലച്ചിത്ര പ്രവർത്തകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന സർക്കാരിന്റെ സിനിമാ നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സിനിമാ മേഖലയിലെ എല്ലാ വിഭാഗം ആൾക്കാരുടേയും അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നതിനായി അവരുടെ പ്രതിനിധികളെയും വിദഗ്ധരേയും ഉൾപ്പെടുത്തി രണ്ട് ദിവസം നീണ്ടുനിൽക്കുന്ന വിപുലമായ ഒരു യോഗം (സിനിമാ കോൺക്ലേവ്) ചേരുന്നതിന് ആലോചിച്ചിട്ടുണ്ട്. ഈ യോഗത്തിലാണ് സിനിമാ നയത്തിന്റെ കരട് അന്തിമമാക്കുക. പ്രസ്തുത കരട് നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികളോടെ നയമായി സർക്കാർ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്നതാണ്. പ്രസ്തുത ദ്വിദിന യോഗത്തിൽ അവതരിപ്പിന്നതിനുള്ള കരട് തയ്യാറാക്കുന്നതിനായി പ്രശസ്ത ചലച്ചിത്ര സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാനുമായ ശ്രീ. ഷാജി.എൻ.കരുൺ അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി കൺവീനറും പ്രശസ്ത സംവിധായകരും ഛായാഗ്രാഹകരും അഭിനേതാക്കളും നിർമ്മാതാക്കളുമുൾപ്പെടെ സിനിമാ മേഖലയിലെ വിവിധ തുറകളിൽ പരിചയ സമ്പന്നരായവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ രൂപീകരിച്ച ചലച്ചിത്ര നയ രൂപീകരണ സമിതിയിൽ എത്ര അംഗങ്ങളാണുള്ളത്; അംഗങ്ങളുടെ പേരുവിവരം വെളിപ്പെടുത്തുമോ? | (സി) | കരട് ചലച്ചിത്ര നയം രൂപീകരണ സമിതിയിൽ 10 അംഗങ്ങളാണുള്ളത്. അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

1. ശ്രീ.ഷാജി എൻ കരുൺ,

(ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ) – ചെയർമാൻ

2. ശ്രീമതി മിനി ആന്റണി, ഐ.എ.എസ്.

സെക്രട്ടറി, സാംസ്കാരിക വകുപ്പ് – കൺവീനർ

3. ശ്രീ. എം.മുകേഷ് ,എം.എൽ.എ.(കൊല്ലം), അഭിനേതാവ് – അംഗം

4. ശ്രീമതി മഞ്ജു വാര്യർ, അഭിനേത്രി. – അംഗം

5. ശ്രീ. ബി ഉണ്ണികൃഷ്ണൻ, സംവിധായകൻ. – അംഗം

6. ശ്രീമതി പത്മപ്രിയ, അഭിനേത്രി. – അംഗം

7. ശ്രീ.രാജീവ് രവി, ഛായാഗ്രാഹകൻ, സംവിധായകൻ – അംഗം

8. കുമാരി നിഖില വിമൽ, അഭിനേത്രി – അംഗം

9. ശ്രീ. സന്തോഷ് കുരുവിള, ചലച്ചിത്ര നിർമ്മാതാവ് – അംഗം

10. ശ്രീ. സി അജോയ്,സെക്രട്ടറി,

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി – അംഗം

സെക്ഷൻ ഓഫീസർ